# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 218 04.06.2018-ൽ മറുപടിക്ക്**

## ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. സി. ജോസഫ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സോളാർ കേസുമായി ബന്ധപ്പെട്ട ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | സോളാർ കേസ്സുമായി ബന്ധപ്പെട്ട് 15.05.2018-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്. വിശദമായ നിയമോപദേശം തേടിയശേഷം ഉചിതമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്. |
| (ബി) കമ്മീഷൻ ശിപാർശയനുസരിച്ച് മന്ത്രിസഭ കൈക്കൊണ്ട തീരുമാനങ്ങളിലും തുടർന്ന് ഇറക്കിയ പത്രക്കുറിപ്പിലും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്തിയിട്ടുണ്ട്; | | |
| (സി) ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) | ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഇതിനകം ആകെ 1,77,16,711/- രൂപ ചെലവായിട്ടുണ്ട്. |
| (ഡി) ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച കേസ്സിൽ ഹൈക്കോടതിയിൽ ഗവൺമെന്റിനു വേണ്ടി ആരെല്ലാമാണ് ഹാജരായതെന്നും അതിനു വേണ്ടി | (ഡി) | സർക്കാരിന് വേണ്ടി സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകൻ രഞ്ജിത്കുമാറും, സീനിയർ ഗവൺമെന്റ് പ്ലീഡർമാരായ |

| | |
|---|---|
| ഫീസിനത്തിൽ എത്ര രൂപ ചെലവായെന്നും വെളിപ്പെടുത്തുമോ? | ശ്രീ. പി. നാരായണനും, ശ്രീ. വി. മനുവും ഹാജരായി. രഞ്ജിത്കുമാറിന് ഫീസിനത്തിൽ ഒരു കോടി ഇരുപത് ലക്ഷം രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ